| പതിമൂന്നാം കേരള നിയമസഭ | | | |
|---|---|---|---|
| പതിമൂന്നാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.44 | | 09/03/2015 ൽ മറുപടിക്ക് | |
| മന്ത്രിസഭാംഗങ്ങൾക്കെതിരെയുള്ള വിജിലൻസ് കേസുകൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | ഈ മന്ത്രിസഭയിലെ അംഗങ്ങളിൽ ആരുടെയെങ്കിലും പേരിൽ വിജിലൻസ് കേസുകളോ മറ്റ് കേസുകളോ എടുത്തിട്ടുണ്ടോ ; | (എ) | ഈ മന്ത്രിസഭ നിലവിൽ വന്ന ശേഷമുള്ള മന്ത്രിസഭാംഗങ്ങളിൽ രണ്ട് മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ട്. |
| (ബി) | എങ്കിൽ ആരുടെ പേരിലാണെന്നും, അതിന് ആധാരമായ വിഷയവും പ്രത്യേകം വിശദമാക്കുമോ ; | (ബി) | ശ്രീ.പി.ജെ.ജോസഫ്, 1997 -ൽ റവന്യൂ വകുപ്പ് മന്ത്രി ആയിരിക്കെ ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ വനം കയ്യേറ്റത്തിന് സഹായം നൽകിയെന്നതു സംബംന്ധിച്ചും, അദ്ദേഹം ജലവിഭവ വകുപ്പ് മന്ത്രിയായിരിക്കെ സ്വകാര്യ വ്യക്തിയ്ക്ക് വാട്ടർകണക്ഷൻ കൊടുക്കുവാൻ നിർദ്ദേശിച്ചതുമായി ബന്ധപ്പെട്ടും രണ്ട് വിജിലൻസ് കേസുകളാണ് നിലവിലുള്ളത്.<br><br>ബാർ കോഴയുമായി ബന്ധപ്പെട്ട് ധനകാര്യ മന്ത്രി ശ്രീ.കെ.എം.മാണിക്കെതിരെ ഒരു വിജിലൻസ് കേസ് നിലവിലുണ്ട്. കേസന്വേഷണം പുരോഗമിക്കുന്നു. |
| (സി) | ഇതിൽ ആർക്കെങ്കിലും എതിരെ കുറ്റപത്രം നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കെതിരെ ; വിശദമാക്കാമോ ? | (സി) | പ്രസ്തുത കേസുകളിൽ ആർക്കുമെതിരെ കുറ്റപത്രം നൽകിയിട്ടില്ല. |

സെക്ഷൻ ആഫീസർ